ബോർഡ് ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്നതിൽ വരുന്ന കാലതാമസം

140 (3942) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ സ്റ്റാൻഡേർഡ് സ്ട്രെങ്ത് എത്ര ; ഓരോ കാറ്റഗറിയുടെയും വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, മീറ്റർ റീഡർ, കാഷ്യർ എന്നീ തസ്തികകളിലേക്ക് യോഗ്യതയുള്ള ബോർഡ് ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്നതിൽ വരുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ ബോർഡിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ സ്റ്റാൻഡേർഡ് സ്ട്രെങ്ത് 30580-ഉം വർക്കിംഗ് സ്ട്രെങ്ത് 24939-ഉം ആണ്. വിശദവിവരം പിന്നീട് ശേഖരിച്ചു നല്കുന്നതാണ്.

(ബി) നിയമാനുസൃതം പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ളവർക്ക് യഥാകാലം പ്രൊമോഷൻ നല്കുന്നുണ്ട്.

(സി) പ്രസക്തമല്ല.

(ഡി) മസ്ദൂർ, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ തസ്തികകളിലും സഹതാപ നിയമന പദ്ധതിപ്രകാരവും സ്പോർട്സ് ക്വാട്ടയിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരവും വിവിധ തസ്തികകളിലേക്ക് നിയമനം നല്കിയിട്ടുണ്ട്. കൂടാതെ കോടതി വിധി അനുസരിച്ച് കാഷ്യർ തസ്തികയിലേക്കും നിയമനം നല്കിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് ബ്ലോക്കിന് പരിഹാരം

141 (3977) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് ബ്ലോക്ക് പരിഹരിക്കുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly